# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 15.09.2026** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1) ആഗോള സംഘർഷങ്ങൾക്കിടയിൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ബ്രിക്സ് ഉച്ചകോടി ഏറെ ശ്രദ്ധേയമായതായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan said that the BRICS Summit held in New Delhi amid global conflicts was highly significant.**

2) വ്യാവസായിക മേഖലയുമായുള്ള **DRDO**-യുടെ പങ്കാളിത്തം ഇന്ത്യയെ പ്രതിരോധ നിർമാണത്തിൻറെ ആഗോള കേന്ദ്രമാക്കി മാറ്റുമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്.

   **Defence Minister Rajnath Singh said that DRDO's partnership with the industrial sector will transform India into a global hub for defence manufacturing.**

3) 2,000 രൂപ വരെയുള്ള **UPI** പണമിടപാടുകൾക്ക് ബാങ്കുകൾ ഒരുവിധ ചാർജും ഈടാക്കരുതെന്ന് കേന്ദ്ര സർക്കാർ.

   **The Union Government has said that banks should not levy any charges on UPI transactions of up to 2,000 rupees.**

4) ഇന്ന് അന്താരാഷ്ട്ര ജനാധിപത്യ ദിനം. ഇന്ത്യയുടെ ജനാധിപത്യം സാംസ്കാരിക പൈതൃകത്തിൽ അധിഷ്ഠിതമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള.

**International Day of Democracy is being observed today. Lok Sabha Speaker Om Birla said that India's democracy is rooted in its cultural heritage.**

5) സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് പരീക്ഷാഘടനയിൽ മാറ്റം വരുത്തി ഗതാഗത വകുപ്പ്. വീഡിയോ ഗെയിം മാതൃകയിലുള്ള ഓൺലൈൻ ടെസ്റ്റ് ഡിസംബർ മുതൽ നിർബന്ധമാക്കും.

**The Transport Department in Keralam has changed the driving licence examination pattern in the state. An online test based on the model of a video game will be made mandatory from December.**

6) ഇന്ത്യ അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

**The second match of the India-Afghanistan men's T20 cricket series will be played today.**

***************

## ICWA SILVER JUBILEE- VP- EAM

ആഗോള സംഘർഷങ്ങൾക്കും വൈരുദ്ധ്യങ്ങൾക്കും ഇടയിൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ബ്രിക്സ് ഉച്ചകോടി ഏറെ ശ്രദ്ധേയമായതായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഉച്ചകോടിയിൽ ഏകകണ്ഠമായി അംഗീകരിച്ച 'ന്യൂഡൽഹി പ്രഖ്യാപനം' വലിയ നേട്ടമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സിന്റെ രജതജൂബിലി ആഘോഷങ്ങളെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഗ്ലോബൽ സൗത്തിനെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വലിയ ആത്മവിശ്വാസത്തോടെയാണ് ഇന്ത്യ അന്താരാഷ്ട്ര തലത്തിൽ അവതരിപ്പിക്കുന്നതെന്ന് ചടങ്ങിൽ സംസാരിച്ച വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ പറഞ്ഞു.

***************

## RAJANTH- VIMARSH (intro)

വ്യാവസായിക മേഖലയുമായുള്ള DRDO-യുടെ പങ്കാളിത്തം ഇന്ത്യയെ പ്രതിരോധ നിർമാണത്തിൻറെ ആഗോള കേന്ദ്രമാക്കി മാറ്റുമെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിങ്. DRDO- ഇൻഡസ്ട്രി സിനർജി മീറ്റ്- വിമർശ് 2026 നെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മിസൈലുകൾ, റഡാറുകൾ, യുദ്ധ വിമാനങ്ങൾ, അന്തർവാഹിനികൾ തുടങ്ങി എല്ലാ മേഖലകളിലും DRDO മികവ് തെളിയിച്ചതായും രാജ്യരക്ഷാമന്ത്രി പറഞ്ഞു. പ്രതിരോധ മേഖലയിലെ ഇറക്കുമതി ആശ്രയത്വം കുറച്ച് സ്വയം പര്യാപ്തതയിലേക്ക് രാജ്യം മുന്നേറുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

***************

## GUJ-WORLD ECONOMIC FORUM (INTRO)

സുസ്ഥിര വികസന ചട്ടക്കൂടിൽ മാലിന്യ പുനരുപയോഗ സമ്പദ്‌വ്യവസ്ഥ തത്വങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ആവർത്തിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ്. വേൾഡ് സർക്കുലർ ഇക്കോണമി ഫോറം പത്താം പതിപ്പ് ഗുജറാത്ത് മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേലുമായി ചേർന്ന് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുനരുപയോഗം, പ്രകൃതി സംരക്ഷണം എന്നീ പുരാതന സാംസ്കാരിക ശീലങ്ങളെ ആധുനിക നയങ്ങളാക്കി രാജ്യം പരിവർത്തനപ്പെടുത്തിയെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഈ ലക്ഷ്യത്തിലേക്കുള്ള നിർണ്ണായക ചുവടുവെപ്പുകളാണ് മിഷൻ ലൈഫ് ഉൾപ്പെടെയുള്ള പദ്ധതികളെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.....)

ഗുജറാത്തിലെ ഗാന്ധിനഗറിൽ നടക്കുന്ന രണ്ട് ദിവസത്തെ പരിപാടിയിൽ 65-ലധികം രാജ്യങ്ങളിൽ നിന്നുള്ള 2,000-ത്തിലധികം പ്രതിനിധികൾ പങ്കെടുക്കുന്നുണ്ട്.

***************

## INTERNATIONAL DAY OF DEMOCRACY

ഇന്ത്യയുടെ ജനാധിപത്യം സാംസ്കാരിക പൈതൃകത്തിൽ അധിഷ്ഠിതമാണെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള . ജനാധിപത്യം

എന്നത് കേവലം തിരഞ്ഞെടുപ്പുകൾ മാത്രമല്ലെന്നും, മറിച്ച് സംവാദം, പങ്കാളിത്തം, വൈവിധ്യത്തോടുള്ള ആദരവ്, , ഓരോ പൗരന്റെയും അന്തസ്സ് എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണെന്നും സ്പീക്കർ വ്യക്തമാക്കി. അന്താരാഷ്ട്ര ജനാധിപത്യ ദിനത്തിൽ ആശംസകൾ അറിയിക്കുകയായിരുന്നു അദ്ദേഹം. ജനാധിപത്യ വ്യവസ്ഥയുടെ ലോകമെമ്പാടുമുള്ള സ്ഥിതി വിലയിരുത്തുന്നതിനും, ജനാധിപത്യത്തിൻറെ അടിസ്ഥാന തത്വങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായാണ് എല്ലാ വർഷവും സെപ്റ്റംബർ 15-ന് ദിനാചരണം സംഘടിപ്പിക്കുന്നത്.

***************

## UPI- PAYMENT

2,000 രൂപ വരെയുള്ള UPI പണമിടപാടുകൾക്ക് ബാങ്കുകൾ ഒരുവിധ ചാർജുകളും ഈടാക്കരുതെന്ന് കേന്ദ്ര സർക്കാർ. RuPay ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് നടത്തുന്ന 2,000 രൂപ വരെയുള്ള പണമിടപാടുകൾക്കും ചാർജുകൾ ബാധകമല്ലെന്ന് ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്നു. വ്യക്തികൾക്കിടയിലെ എല്ലാ UPI ഇടപാടുകളും സൗജന്യമായി തുടരും. വ്യാപാരികളിൽ നിന്ന് പൊതുവായ മെർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് ഈടാക്കില്ലെന്നും ധനമന്ത്രാലയം അറിയിച്ചു.

***************

## PM - SEMICON INDIA

'സെമികോൺ ഇന്ത്യ 2026'-ന്റെ അഞ്ചാം പതിപ്പ് പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ യശോഭൂമിയിൽ മറ്റന്നാൾ ഉദ്ഘാടനം ചെയ്യും. 600-ലധികം പ്രദർശകരും 300 അന്താരാഷ്ട്ര കമ്പനികളും 40-ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധി സംഘങ്ങളും പരിപാടിയിൽ പങ്കെടുക്കും.

***************

## DRIVING LICENCE

സംസ്ഥാനത്ത് ഡ്രൈവിങ് ലൈസൻസ് പരീക്ഷാഘടനയിൽ മാറ്റം വരുത്തി ഗതാഗത വകുപ്പ്. വാഹനാപകടങ്ങൾ വർധിച്ച പശ്ചാത്തലത്തിൽ, ഇനിമുതൽ ലൈസൻസ് നൽകും മുൻപ്

അപകടസാധ്യത തിരിച്ചറിയാനുള്ള കഴിവുകൂടി പരിശോധിക്കാനാണ് തീരുമാനം. ഡിസംബർ മുതൽ വീഡിയോ ഗെയിം മാതൃകയിലുള്ള ഓൺലൈൻ ടെസ്റ്റുകൂടി നിർബന്ധമാക്കാൻ ഗതാഗത കമ്മിഷണർ നാഗരാജു ചകിലം നിർദേശിച്ചു.

***************

## COCON 2026 (INTRO)

സൈബർ സുരക്ഷയ്ക്കായി കേരള പൊലീസ് സംഘടിപ്പിക്കുന്ന കൊക്കൂൺ ആഗോള സംഗമത്തിൻറെ 19-ാമത് പതിപ്പിന് കൊച്ചി വേദിയാകും. ഒക്ടോബർ 6 മുതൽ 13 വരെയാകും സമ്മേളനമെന്ന് സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ അറിയിച്ചു.

(ഹോൾഡ് വോയ്സ്......)

***************

## DOORDARSHAN

ഇന്ന് ദൂരദർശൻറെ 67-ാം സ്ഥാപക ദിനം. 1959 സെപ്തംബർ 15-നാണ് പൊതു പ്രക്ഷേപണ സ്ഥാപനമായ ദൂരദർശൻ പ്രവർത്തനം ആരംഭിക്കുന്നത്. അന്നത്തെ രാഷ്ട്രപതി ഡോ.രാജേന്ദ്ര പ്രസാദാണ് ആദ്യ സംപ്രേഷണം ഉദ്ഘാടനം ചെയ്തത്. 35 സാറ്റലൈറ്റ് ചാനലുകളും, 66 സ്റ്റുഡിയോ കേന്ദ്രങ്ങളുമുള്ള ദൂരദർശൻ 24 ഭാഷകളിലാണ് നിലവിൽ സംപ്രേഷണം നടത്തുന്നത്.

***************

## ENGINEERS DAY

ഇന്ന് ദേശീയ എൻജിനീയേഴ്സ് ദിനം. ഭാരതരത്ന എം വിശ്വേശ്വരയ്യയുടെ ജന്മവാർഷിക ദിനമായ സെപ്റ്റംബർ 15-ആണ് രാജ്യം എൻജിനീയേഴ്സ് ദിനമായി ആഘോഷിക്കുന്നത്. രാഷ്ട്രനിർമ്മാണം, സാങ്കേതിക നവീകരണം എന്നിവയിൽ എൻജിനീയർമാർ നൽകുന്ന വിലമതിക്കാനാവാത്ത സംഭാവനകളെ ആദരിക്കുന്നതിനായാണ് ദിനാചരണം . പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെ പ്രമുഖർ ദേശീയ എൻജിനീയേഴ്സ് ദിനത്തിൽ ആശംസകൾ നേർന്നു.

***************

## INDIA - CANADA TALKS

ഇന്ത്യ - കാനഡ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിനായുള്ള നാലാം ഘട്ട ചർച്ചകൾ ന്യൂഡൽഹിയിൽ ആരംഭിച്ചു. 2030-ഓടെ ഉഭയകക്ഷി വ്യാപാരം 50 ബില്യൺ യുഎസ് ഡോളറായി ഉയർത്തുകയാണ് വെള്ളിയാഴ്ച വരെ നീളുന്ന ചർച്ചയിലൂടെ ലക്ഷ്യമിടുന്നത്.

***************

## MENS CRICKET

ഇന്ത്യ അഫ്ഗാനിസ്ഥാൻ പുരുഷ ടി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് . ന്യൂഡൽഹിയിലെ അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് കളി ആരംഭിക്കുക. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്കായിരുന്നു വിജയം.

***************

## RAIN KERALA

കേരളത്തിലെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിനും സാധ്യതയുണ്ട്.

***************

## US-VISA-

വിദേശ വിദ്യാർത്ഥികൾക്കും മാധ്യമപ്രവർത്തകർക്കും അമേരിക്കയിൽ തുടരുന്നതിന് കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ഉത്തരവ് യുഎസ് ഫെഡറൽ ജഡ്ജി താൽക്കാലികമായി തടഞ്ഞു. നയം നടപ്പിലാക്കുന്നത് യുഎസ് സമ്പദ്‌വ്യവസ്ഥയ്ക്കും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കും തിരിച്ചടിയാകുമെന്ന് കോടതി നിരീക്ഷിച്ചു.

***************

## TRUMP-UKRAINE RUSSIA

ഊർജ്ജ നിലയങ്ങൾക്ക് നേരെയുള്ള ആക്രമണം നിർത്താൻ റഷ്യയും യുക്രൈനും ധാരണയിലെത്തിയതായി അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ ധാരണ എന്ന് പ്രാബല്യത്തിൽ വരുമെന്ന് ട്രംപ് വ്യക്തമാക്കിയിട്ടില്ല.

**************

## US-IRAN

നിബന്ധനകൾ അംഗീകരിക്കുന്നതുവരെ അമേരിക്കയുമായി ചർച്ചയ്ക്കില്ലെന്ന് ഇറാൻ. ഇറാൻ്റെ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടറി മൊഹ്‌സെൻ റെസായിയാണ് ഇക്കാര്യം സമൂഹമാധ്യമത്തിലൂടെ അറിയിച്ചത്. കരാറുമായി ബന്ധപ്പെട്ട് ചർച്ചകൾ പുനരാംഭിക്കാമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കഴിഞ്ഞ ദിവസം നടത്തിയ പ്രസ്താവനക്ക് മറുപടിയായാണ് ഇറാന്റെ പ്രതികരണം .

**************

## ISSF-SHOOTING

ഇറ്റലിയിൽ നടക്കുന്ന ISSF ജൂനിയർ വേൾഡ് കപ്പ് ഷോട്ട്ഗൺ മത്സരത്തിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയുമായി, ഏഷ്യൻ ട്രാപ്പ് ചാമ്പ്യൻ സബീറ ഹാരിസിന്റെ നേതൃത്വത്തിലുള്ള 20 അംഗ ഷൂട്ടിങ്ങ് സംഘം ഇന്നിറങ്ങും. ഈ മാസം 19-വരെയാണ് ടൂർണമെൻറ്.

**************

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 141 പോയിന്റ് ഇടിഞ്ഞ് 74,640 ലും നിഫ്റ്റി 74 പോയിന്റ് നഷ്ടത്തിൽ 23,325 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 12,320 രൂപയും ഗ്രാമിന് 14,040 രൂപയുമാണ് ഇന്നത്തെ വില.

**************

********